LIBRARY ARCHIVES Kerala Legislative Assembly

അനാഥമന്ദിരങ്ങൾ

187 (5540) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ അധീനതയിൽ എത്ര അനാഥാലയങ്ങൾ ഉണ്ട് ; വ്യക്തമാക്കാമോ ;

(ബി) മതസ്ഥാപനങ്ങൾ, എൻ.ജി.ഒ.-കൾ, വ്യക്തികൾ എന്നിവയുടെ കീഴിൽ പ്രവർത്തിക്കുന്നവ എത്ര ;

(സി) അനാഥ മന്ദിരങ്ങൾ നടത്തുന്നതിന് നിലവിൽ ഏത് സ്ഥാപനമാണ് അംഗീകാരം നൽകുന്നത് ;

(ഡി) അനാഥ മന്ദിരങ്ങളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള കുട്ടികളെ പ്രവേശിപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(എഫ്) അനാഥ മന്ദിരങ്ങളിൽ അന്യ സംസ്ഥാനക്കാരായ എത്ര കുട്ടികൾ ഇപ്പോൾ താമസിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ 1202 അനാഥാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

(ബി) 1202 സ്ഥാപനങ്ങളും നടത്തുന്നത് എൻ.ജി.ഒ. സംഘടനകളാണ്.

(സി) ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ്, കേരള.

(ഡി) 1. ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾ.

2. സംസ്ഥാനത്തിനുള്ളിലുള്ള കുട്ടികളുടെ കാര്യത്തിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന ഓർഫൻ/നോൺ ഓർഫൻ സർട്ടിഫിക്കറ്റ്.

3. മറ്റ് സംസ്ഥാന കുട്ടികളുടെ കാര്യത്തിൽ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ ശിപാർശയും ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസിന്റെ അനുമതിയും വേണം.

(ഇ) ഇതര സംസ്ഥാന കട്ടികളുടെ കാര്യത്തിൽ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ ശിപാർശയും ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജ് & അദർ ചാരിറ്റബിൾ ഹോംസിന്റെ അനുമതിയും ആവശ്യമാണ്.

(എഫ്) അനാഥ മന്ദിരങ്ങളിൽ 1668 ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള കട്ടികളെ പാർപ്പിച്ചിട്ടുണ്ട്.

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ

188 (5541)ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ വാടകകുടിശ്ശിക ഒടുക്കാത്തത് കാരണം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) പ്രസ്തുത അങ്കണവാടികളെ സ്വന്തം കെട്ടിടങ്ങളിലേക്കു മാറ്റി സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

(സി) പ്രസ്തുത അങ്കണവാടികളുടെ വാടക കുടിശ്ശിക അടിയന്തരമായി തീർപ്പാക്കി സുഗമമായ നടത്തിപ്പിന് ആവശ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ?

ഉത്തരം

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ വാടകകുടിശ്ശിക കൊടുക്കാത്തത് കാരണം ഒഴിഞ്ഞ് നൽകണമെന്ന അപേക്ഷകൾ ലഭ്യമായിട്ടില്ല. എന്നാൽ അങ്കണവാടികൾ കുടിയൊഴിക്കൽ ഭീഷണിയിൽ എന്ന തലക്കെട്ടുകളോടുകൂടിയുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തിലെ മുഴുവൻ അങ്കണവാടികൾക്കും സ്വന്തം കെട്ടിടം നിർമ്മിക്കുക എന്നത് വകുപ്പിന്റെ ലക്ഷ്യമാണ്. സ്വന്തമായി സ്ഥലം ലഭ്യമാകുന്ന എല്ലാ അങ്കണവാടികൾക്കും നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതി, മാതൃകാ അങ്കണവാടി പദ്ധതി, പ്ലാൻ ഫണ്ട് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിച്ചുവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 33115 അങ്കണവാടികളിൽ 21162 അങ്കണവാടികളും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ അങ്കണവാടികൾക്കും എല്ലാ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തി തുക ലഭ്യമാകുന്ന മുറയ്ക്ക് വാടക നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly